പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 30.6.2011ൽ |
| ചോദ്യം നംപർ.856 | മറുപടിക്ക് |

## ഭാരതപ്പുഴയിൽ തടയണ നിർമ്മാണം

| ചോദ്യം<br>ശ്രീ.കെ.രാധാകൃഷ്ണൻ: | ഉത്തരം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പു മന്ത്രി) |
|---|---|
| (എ) ചേലക്കര മണ്ഡലത്തിലെ ചെറുതുരുത്തിയിൽ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് ഭാരതപ്പുഴയിൽ തടയണ നിർമ്മിച്ചു വരുന്നതിലുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ കാലതാമസത്തിനുള്ള കാരണങ്ങൾ വെളിപ്പെടുത്താമോ ; | (ബി) 17.12.2007 തീയതിയിലെ 4976/07/റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 5 കോടി രൂപയ്ക്ക് ടി പ്രവർത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 30.7.2009 തീയതിയിൽ തൃശ്ശൂർ അഡീഷണൽ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ 2,58,64,919/- രൂപയുടെ പാർട്ട് ബിൽ സമർപ്പിച്ചിരുന്നതിനെത്തുടർന്ന് ടി പ്രവർത്തിക്ക് 9.5 കോടി രൂപ ചെലവ് വരുമെന്ന് തൃശ്ശൂർ ഇറിഗേഷൻ സെക്ഷൻ സുപ്രണ്ടിംഗ് എഞ്ചിനീയർ അറിയിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതിയിൽ കൂടിയ തുക ചെലവ് വരുമെന്നതിനാൽ ജില്ലാ കളക്ടർ പുതുക്കിയ പ്രൊപ്പോസൽ നൽകി. ആയതിനെ തുടർന്ന് 1.75 കോടി രൂപ കോൺട്രാക്ടർക്ക് അനുവദിച്ചിട്ടുള്ളതും ബാക്കി തുക അനുവദിക്കുവാൻ കോൺട്രാക്ടർ ആവശ്യപ്പെട്ടിരുന്നെങ്കിലും ബാങ്ക് ഗ്യാരന്റി പുതുക്കാത്തതിനാൽ തുക അനുവദിച്ചു |

| | |
|---|---|
| | നൽകിയില്ല. 28.2.2011 തീയതിയിലെ 125/11/റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ടി പ്രവർത്തിക്ക് 9,23,63,714/- രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് ജില്ലാ കളക്ടർ തുടർ നടപടികൾക്കായി തൃശ്ശൂർ ഇറിഗേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്കും തൃശ്ശൂർ അഡീഷണൽ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും നൽകിയിട്ടുണ്ട്. വർഷത്തിൽ അഞ്ച് മാസങ്ങളിൽ മാത്രമേ ടി പ്രവർത്തി നടത്തുവാൻ സാധിക്കുകയുള്ളു എന്നതും നിർമ്മാണത്തിനുള്ള കാലതാമസത്തിന് കാരണമായി. |
| (സി) സർക്കാരിന് അധിക ബാധ്യത ഒഴിവാക്കുന്നതിനും പൊതുജനങ്ങൾക്ക് ഉദ്ദേശിച്ചപ്രകാരം ഗുണം ലഭിക്കുന്നതിനും സമയക്രമം നിശ്ചയിച്ച് പദ്ധതി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (സി) പദ്ധതി പൂർത്തീകരിക്കുന്നതിനായി പരമാവധി ശ്രമങ്ങൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ